## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

.......................................

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3562

15.03.2018 - ൽ മറുപടിക്ക്.

### തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

......................

<u>ചോദ്യം</u>
ശ്രീ. സി. ദിവാകരൻ

<u>മറുപടി</u>
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി).**

| ചോദ്യം | മറുപടി |
| --- | --- |
| (എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) : തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ് : 1. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ്, 2. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 3. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, 4. കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 5. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്, 6. തിരുവനന്തപുരം സ്പിന്നിങ് മിൽ, 7. ടെക്സ്ഫെഡ്, 8. ഹാൻഡിക്രാഫ്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, 9. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, 10. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 11. കെൽപാം, 12, സിഡ്കോ, 13 കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, 14. കിൻഫ്ര, 15. ഹാൻഡക്സ്. |
| (ബി) ഇവയിൽ ഏതെല്ലാം സ്ഥാപന | (ബി) : ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് |

| | | |
|---|---|---|
| | ങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാഭത്തിലായ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാഭത്തിലായ സ്ഥാപനമാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ | (സി) : വ്യവസായ വകുപ്പിന്റെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ നിർദ്ദേശങ്ങൾ, മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തൽ തുടങ്ങിയ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.